പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. 2576 | 14.12.2015- ൽ മറുപടി<br>നല്കേണ്ടത്. |

## വൈദ്യപരിശോധനാ ലാബുകളുടെ സ്വകാര്യവത്ക്കരണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.എം.ഉമ്മർ** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വൈദ്യപരിശോധനാ ലാബുകൾ സ്വകാര്യവത്ക്കരിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) | ലാബുകൾ സ്വകാര്യവത്ക്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. |
| ബി) | സ്വകാര്യ ലാബുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ? | ബി) | ആരോഗ്യവകുപ്പ് നടപ്പിലാക്കി വരുന്ന സേഫ്കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികൾ ജനറ്റിക് ക്ലിനിക്കുകൾ തുടങ്ങിയവ എല്ലാ ജില്ലകളിലും ഒരേ ദിവസം പരിശോധിച്ച് ഗുണനിലവാരം, ശുചിത്വം എന്നിവ നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| സി) | സ്വകാര്യ ലാബുകളിലെ ജീവനക്കാരുടെ യോഗ്യത സംബന്ധിച്ച് കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ടോ ; | സി) & ഡി) | സേഫ്കേരള പ്രോഗ്രാമിന്റെ ഭാഗമായി സ്വകാര്യ ക്ലിനിക്കൽ ലബോറട്ടറികളിൽ ഉദ്യോഗസ്ഥരുടെ യോഗ്യതയെകുറിച്ച് നിരീക്ഷിച്ച് ആവശ്യമെങ്കിൽ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. 27/02/2015 നും 08/12/2015 നും സേഫ് കേരളയുടെ ഭാഗമായി |
| ഡി) | എങ്കിൽ പരിശോധനയിൽ ഉൾപ്പെട്ട യോഗ്യതയുള്ള ജീവന | | |

| | | | |
|---|---|---|---|
| | ക്കാരൻ തന്നെ ലാബുകളിൽ സേവനമനുഷ്ഠിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിക്കുമോ ; | | 14 ജില്ലകളിൽ ക്ലിനിക്കൽ ലബോറട്ടറികളിൽ പരിശോധന നടത്തി. 673 പേർ അംഗീകൃത യോഗ്യതയില്ലാത്തവരെന്ന് കണ്ടെത്തിയതിനെ തുടർന്ന് നടപടികൾ സ്വീകരിച്ചിരുന്നു. |
| ഇ) | കേന്ദ്ര ഗവൺമെന്റിന്റെ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ അടിസ്ഥാനമാക്കി സംസ്ഥാനത്ത് നിയമനിർമ്മാണം നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | ഇ) | സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ആശുപത്രികൾ, ലാബുകൾ, ക്ലിനിക്കുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം തുടങ്ങിയവയ്ക്കായി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ